**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6270** **07.11.2016 ൽ മറുപടിയ്ക്ക്**

**സൂപ്പർ ക്ലാസ് റൂട്ടുകളിൽ പെർമിറ്റ്**

| ചോദ്യം<br>ശ്രീ. രാജു എബ്രഹാം | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ആകെ എത്ര സൂപ്പർ ക്ലാസ് പെർമിറ്റുകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഫാസ്റ്റ് പാസഞ്ചർ ഉൾപ്പെടെ കേരളത്തിൽ ആകെ 1575 സൂപ്പർ ക്ലാസ് പെർമിറ്റുകളാണ് ഉള്ളത്. ഇതിൽ 1540 എണ്ണം കെ.എസ്.ആർ.ടി.സി.-യുടേതും ബാക്കി 35 എണ്ണം സ്വകാര്യ മേഖലയിലുമാണ്. |
| (ബി) | സ്വകാര്യ ബസുകൾക്ക് സൂപ്പർ ക്ലാസ് റൂട്ടുകളിൽ പെർമിറ്റ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ബസുകൾക്കെന്ന് വ്യക്തമാക്കാമോ; | (ബി) | റൂട്ടുകൾ സൂപ്പർക്ലാസ് എന്ന നിലയിൽ വർഗ്ഗീകരിച്ചിട്ടില്ല. 16.07.2013-ലെ സ.ഉ. (പി) നം: 73/2013/ഗതാ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, സ്വകാര്യ മേഖലയിൽ സൂപ്പർ ക്ലാസ് സർവീസുകൾ നടത്തിക്കൊണ്ടിരുന്ന ബസുകൾക്ക് പെർമിറ്റ് പുതുക്കി നല്കാനാവില്ല. ബഹു. ഹൈക്കോടതി ടി ഉത്തരവ് ശരിവച്ചതിനാൽ സൂപ്പർക്ലാസ് സർവീസുകൾ നടത്തുന്ന ബസുകൾക്ക് പെർമിറ്റ് കാലാവധി തീരുന്ന മുറയ്ക്ക് ഓർഡിനറി ലിമിറ്റഡ് സ്റ്റോപ്പ് സർവീസ് പെർമിറ്റുകൾ പുതുക്കി നൽകുന്നുണ്ട്. ഇത്തരത്തിൽ നേരത്തെ നൽകിയ പെർമിറ്റിന്റെ പിൻബലത്തിൽ നിലവിൽ സൂപ്പർക്ലാസ് സർവീസ് നടത്തുന്ന 35 സ്വകാര്യ ബസ് സർവീസുകളാണ് സംസ്ഥാനത്ത് ഉള്ളത്. |
| (സി) | സൂപ്പർ ക്ലാസ് റൂട്ടുകളിൽ സ്വകാര്യ ബസുകൾക്ക് പെർമിറ്റ് അനുവദിക്കേണ്ടതില്ലെന്ന് ബഹു. ഹൈക്കോടതി ഉത്തരവിട്ടതിനുശേഷം, എത്ര സ്വകാര്യ ബസുകൾക്ക് സൂപ്പർ ക്ലാസ് പെർമിറ്റുകൾ പുതുക്കി നൽകിയിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ? | (സി) | ഇത്തരത്തിൽ ഒരു സ്വകാര്യ ബസിനും സൂപ്പർക്ലാസ് പെർമിറ്റുകൾ പുതുക്കി നൽകിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**